# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3452** **11.12.2018 ൽ മറുപടിയ്ക്ക്**

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് പ്രത്യേക പാക്കേജ്

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**
**ശ്രീ.മുരളി പെരുനെല്ലി**
**ശ്രീ.സജി ചെറിയാൻ**
**ശ്രീ.സി. കെ. ശശീന്ദ്രൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) പ്രളയംമൂലം തകർന്ന കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികളിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ

എ) പ്രളയം തകർത്ത കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വി.എഫ്.പി.സി.കെ നടത്തിവരുന്ന നൂതന പദ്ധതികൾ ചുവടെ സൂചിപ്പിക്കുന്നു.
പ്രകൃതി ക്ഷോഭം നേരിട്ട വി.എഫ്.പി.സി.കെ കർഷകർക്ക് പഴം-പച്ചക്കറി കിഴങ്ങുവർഗ്ഗ വിളകൾ പുതുതായി കൃഷി ചെയ്യുന്നതിന് എസ്.എച്ച്.എം സഹായത്തോടെ 25.88 കോടി രൂപയുടെ വിള വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

| ക്രമ നം | പദ്ധതി വിശദാംശങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) | സബ്സിഡി (ഹെക്ടറിൽ) | തുക (ലക്ഷം) |
|---|---|---|---|---|
| 1 | വാഴകൃഷി (കന്ന്) വ്യാപനം | 6000 | 26,250 | 1575.00 |
| 2 | വാഴകൃഷി (ടി.സി) വ്യാപനം | 100 | 37,500 | 37.5 |
| 3 | പൈനാപ്പിൾ കൃഷി വ്യാപനം | 100 | 26,250 | 26.25 |
| 4 | മാവ് കൃഷി വ്യാപനം | 85 | 18,000 | 15.30 |
| 5 | ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം | 4250 | 20,000 | 850.00 |
| 6 | ഇഞ്ചി കൃഷി വ്യാപനം | 500 | 12,000 | 60.00 |
| 7 | മഞ്ഞൾ കൃഷി വ്യാപനം | 200 | 12,000 | 24.00 |
| | ആകെ | | | **2588.05** |

ഈ പദ്ധതി വഴി പുതുതായി കൃഷിയിറക്കുന്നതിന് വിത്ത്/നടീൽ വസ്തുക്കൾ, മറ്റ് ഉൽപാദനോപാധികൾ എന്നിവ ലഭ്യമാക്കുന്നതാണ്.

ഇതിനു പുറമേ, 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെവി.വൈ പദ്ധതി പ്രകാരം, ജൈവകൃഷിയ്ക്കായി ഈ വർഷം 7 കോടി രൂപ

കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് ജൈവോൽപ്പന്ന സർട്ടിഫിക്കേഷൻ നൽകുന്നതിനു മാണ് ഈ തുക വിനിയോഗിക്കുന്നത്. കൗൺസിലിന്റെ കീഴിലുള്ള വിത്ത് ഉൽപാദക കർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുവാൻ, പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ പു:നസ്ഥാപിക്കുവാനായി ഹെക്ടറിന് 1.50 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ നടപ്പിലാക്കുന്ന പ്രത്യേക വായ്പാ പദ്ധതിയിൽപ്പെട്ട 8695 കർഷകർക്കായി ഏതാണ്ട് 75 കോടി രൂപയുടെ വായ്പയാണ് നിലവിലുള്ളത്. സർക്കാർ പ്രഖ്യാപിച്ച ആശ്വാസ പദ്ധതിയുടെ ഭാഗമായി ഇവർക്ക് തുക തിരിച്ചടവിന് ഒരു വർഷത്തെ മോറട്ടോറിയവും പലിശയിളവും ലഭ്യമാക്കും.

നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് വി.എഫ്.പി.സി.കെ നേരിട്ടു നടത്തുന്ന വിള ഇൻഷുറൻസ് പദ്ധതിയിൽപെട്ട 2936 കർഷകർക്ക് 4.3 കോടി രൂപയുടെ ഇൻഷുറൻസ് ക്ലെയിം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 1.5 കോടി രൂപയുടെ ശേഷിക്കുന്ന ക്ലെയിം തീർപ്പാക്കി വരുന്നു. പ്രളയത്തിൽ നഷ്ടം നേരിട്ട കൗൺസിലിന്റെ കീഴിലുള്ള സ്വാശ്രയ കർഷക സമിതികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ പുനരുദ്ധാരണത്തിനും പദ്ധതി സഹായം ലഭ്യമാക്കുന്നുണ്ട്.

ബി) വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് മാതൃകാ പഴത്തോട്ടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

ബി) വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിൽ ഒരു പച്ചക്കറി-മാതൃകാ പഴത്തോട്ടം സ്ഥാപിക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്.

സി) കൃഷി വകുപ്പും വി.എഫ്.പി.സി.കെ.യും ചേർന്ന് നടപ്പാക്കി വരുന്ന ജൈവവൈവിധ്യ സംരക്ഷണ പദ്ധതി പ്രകാരം ഏതെല്ലാം പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും വംശവർദ്ധനയുമാണ് ലക്ഷ്യമിടുന്നതെന്ന് വി.എഫ്.പി.സി.കെ വ്യക്തമാക്കാമോ?

സി) വി.എഫ്.പി.സി.കെ പച്ചക്കറി വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിക്കുന്ന പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും വംശവർദ്ധനയും 2018-19 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.

1. ആനക്കൊമ്പൻ വെണ്ട
2. വ്ളാത്തങ്കര ചീര
3. അഞ്ചൽ പയർ
4. ഉണ്ട മുളക്
5. വെള്ള കാന്താരി
6. കോടാലി മുളക്

7. നാടൻ പൊട്ടുവെള്ളരി

8. ആട്ടുകൊമ്പൻ അമര

9. കല്ലിങ്കൽ കോവൽ

10. ആലപ്പുഴ പട്ടുചീര

11. താമരക്കണ്ണൻ ചേമ്പ്

12. മരങ്ങാട്ടുപള്ളി വഴുതന

13. ആദിത്യപുരം പാവൽ

14. മലപ്പൂണ്ട് വെളുത്തുള്ളി

15. സിലിണ്ടർ കൂർക്ക

16. നാടൻ നിത്യ വഴുതന

17. കക്കാട് പാവൽ

18. കുന്നുകര ചീര

19. തിരുവാണിയൂർ പടവലം

20. മറ്റത്തൂർ പച്ചചീര

21. വാഴയൂർ പാവൽ

22. കോട്ടായി വഴുതന

23. വിത്തിനശ്ശേരി വെണ്ട.

24. എഡയൂർ മുളക്

25. വേങ്ങേരി വഴുതന

26. എടക്കര പയർ

27. തലക്കുളത്തൂർ കക്കിരി

28. കേളുപയർ

29. കൊളക്കാടൻ പയർ

30. മട്ടന്നൂർ ലോക്കൽ വെള്ളരി

31. കണ്ണൂർ ചുരയ്ക്ക

32. കാസർഗോഡ് ലോക്കൽ പടവലം

33. ചുവപ്പുചുണ്ടൻ പയർ

പരമ്പരാഗത നാടൻ പഴം-പച്ചക്കറി ഇനങ്ങളുടെ ജനിതക സംരക്ഷണവും കൃഷി വ്യാപനവും ലക്ഷ്യമിട്ട് വിപുലമായ പദ്ധതി നടപ്പിലാക്കുന്നതിന് കൗൺസിൽ ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട കർഷകർ വഴി ഇവയുടെ വിത്തുൽപാദനം നടത്തുകയും അവ സംഭരിച്ച് ഗുണമേന്മ ഉറപ്പാക്കി വിതരണം ചെയ്യുകയാണ് പ്രാഥമിക ലക്ഷ്യം. ഇതിനു മുന്നോടിയായി പൊട്ടു വെള്ളരി, കേളുപയർ, വേങ്ങേരി വഴുതന, ആലപ്പുഴ പട്ടുചീര, തലക്കുളത്തൂർ കക്കിരി എന്നിവയുടെ വിത്തുകൾ കർഷകരിൽ നിന്നും ശേഖരിച്ച് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്.

Mayal

**സെക്ഷൻ ഓഫീസർ**